# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജനവരി 21

# വാർത്താക്കുറിപ്പ്

## ജനവരി 25ന് സർവകലാശാല ഓഫീസിന് അവധി

അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന പള്ളിയിലെ പെരുനാൾ പ്രമാണിച്ച് അതിരമ്പുഴ ഗ്രാമപഞ്ചായത്തിലെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജനവരി 25ന് പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ അതിരമ്പുഴ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സർവകലാശാല ഓഫീസുകൾ, ഡിപ്പാർട്ട്മെന്റുകൾ, സ്‌കൂളുകൾ, സെന്ററുകൾ എന്നിവയ്ക്ക് അന്നേദിവസം അവധിയായിരിക്കും. അതിരമ്പുഴ ഗ്രാമപഞ്ചായത്തിന് പുറത്തുള്ള സർവകലാശാല സ്ഥാപനങ്ങൾക്ക് അവധി ബാധകമല്ല.

(പി.ആർ.ഒ/39/94/2021)

## പരീക്ഷ തീയതി

2020 ജൂണിൽ നടത്താനിരുന്നതും കോവിഡ്-19 വ്യാപനം മൂലം മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ എം.എ./ എം.സി.ജെ./ എം.എം.എച്ച്./ എം.എസ്.ഡബ്ല്യു., എം.എച്ച്.എം. ആന്റ് എം.ടി.എ./ എം.ടി.ടി.എം. (2018 അഡ്മിഷൻ റഗുലർ/ 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ് - സി.എസ്.എസ്.) പരീക്ഷകൾ ജനവരി 27 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/95/2021)

2020 ജൂണിൽ നടത്താനിരുന്നതും കോവിഡ്-19 വ്യാപനം മൂലം മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ എം.എസ് സി. (2018 അഡ്മിഷൻ റഗുലർ/ 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ് - സി.എസ്.എസ്.) പരീക്ഷകൾ ജനവരി 27 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/96/2021)

2020 ജൂണിൽ നടത്താനിരുന്നതും കോവിഡ്-19 വ്യാപനം മൂലം മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ എം.കോം (2018 അഡ്മിഷൻ റഗുലർ/ 2015, 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014 അഡ്മിഷൻ മേഴ്‌സി ചാൻസ് - സി.എസ്.എസ്.) പരീക്ഷകൾ ജനവരി 27 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/97/2021)

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സിലെ രണ്ടാം സെമസ്റ്റർ എം.എ. (റഗുലർ) പൊളിറ്റിക്‌സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്‌സ് ആന്റ് ഹ്യൂമൻ റൈറ്റ്‌സ്, പബ്ലിക് പോളിസി ആന്റ് ഗവേണൻസ് പരീക്ഷകൾ ഫെബ്രുവരി 10 മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/98/2021)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. പൊളിറ്റിക്സ് (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. 2015 അഡ്മിഷൻ മുതലുള്ളവർ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി നാലുവരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായും 2015 അഡ്മിഷന് മുമ്പുള്ളവർ പരീക്ഷ കൺട്രോളറുടെ കാര്യാലയത്തിലും അപേക്ഷ സമർപ്പിക്കണം.

(പി.ആർ.ഒ/39/99/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മലയാളം (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി നാലുവരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/100/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. പ്ലാന്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി നാലുവരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/101/2021)

## ടെക്നിക്കൽ അസിസ്റ്റന്റ് വോക്-ഇൻ-ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിനായി വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ജനുവരി 29ന് രാവിലെ 10.30ന് വൈസ് ചാൻസലറുടെ ചേംബറിലാണ് വോക്-ഇൻ-ഇന്റർവ്യൂ. ഒരു വർഷമാണ് കാലാവധി. ഒഴിവ് (ഓപ്പൺ-1, ഈഴവ/തിയ്യ/ബില്ലവ - 1). കെമിസ്ട്രി/പോളിമർ കെമിസ്ട്രിയിൽ ഫസ്റ്റ്/സെക്കന്റ് ക്ലാസ് ബിരുദാനന്തര ബിരുദവും ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തിപരിചയവുമാണ് യോഗ്യത. മാസം 15000 രൂപ ലഭിക്കും. 2021 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. (പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത ഇളവുകളുണ്ടാകും). താല്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം പ്രായം, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം, ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധികയോഗ്യത എന്നിവയുടെ അസൽ രേഖകളും പകർപ്പുകളുമായി രാവിലെ 9.30ന് സർവകലാശാല അഡ്മിനിസ്ട്രേഷൻ ബ്ലോക്കിലെ എഡി. എ5 സെക്ഷനിൽ എത്തണം. ഉദ്യോഗാർഥികൾ കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ച് വോക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുക്കണം.

(പി.ആർ.ഒ/39/102/2021)

## കേന്ദ്ര-സംസ്ഥാന ബജറ്റ്;
## എം.ജിയിൽ സംവാദം

മഹാത്മാഗാന്ധി സർവകലാശാലയുടെ അന്തർ-സർവകലാശാല സാമൂഹിക ശാസ്ത്ര ഗവേഷണ കേന്ദ്രം കേന്ദ്ര-സംസ്ഥാന ബജറ്റുകളുടെ പശ്ചാത്തലത്തിൽ സംവാദം സംഘടിപ്പിക്കുന്നു. ജനുവരി 26 ന നടക്കുന്ന വെബ്-കൊളോക്യത്തിൽ ദില്ലി ഐ. ഐ.ടി. അധ്യാപകനും സംസ്ഥാന ആസൂത്രണ ബോർഡ് അംഗവുമായ ഡോ. ജയൻ ജോസ് തോമസ് മുഖ്യപ്രഭാഷണം നടത്തും. 'ബജറ്റുകാലത്തെ ബൃഹത് സാമ്പത്തിക ദർശനങ്ങൾ' എന്ന വിഷയത്തിലുള്ള ചർച്ചയിൽ ഡോ. വി. മാത്യുകുര്യൻ, ഡോ. ജോസ് നടുത്തൊട്ടി തുടങ്ങിയവർ സംസാരിക്കും. സർവകലാശാലയുടെ കെ. എൻ. രാജ് പഠന കേന്ദ്രവുമായി സഹകരിച്ചാണ് പരിപാടി. വിശദവിവരം അന്തർ-സർവകലാശാല സാമൂഹികശാസ്ത്ര ഗവേഷണ കേന്ദ്രം വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/103/2021)

## ഉന്നതപഠനത്തിന് സംസ്ഥാനത്ത് കൂടുതൽ സൗകര്യങ്ങളൊരുക്കുന്നു - ഡോ. കെ.ടി. ജലീൽ

ഉന്നത വിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള വിദ്യാർഥികളുടെ ഒഴുക്ക് തടഞ്ഞ് വിദ്യാഭ്യാസത്തിനുള്ള സൗകര്യം സംസ്ഥാനത്തുതന്നെ ഒരുക്കാനുള്ള നടപടികളാണ് സർക്കാർ നടത്തുന്നതെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസിലും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസസിലും നടത്തുന്ന ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം.

മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള ബൗദ്ധികമായ ഒഴുക്ക് തടയുന്നതിന്റെ ഭാഗമായാണ് ഉന്നതവിദ്യാഭ്യാസരംഗത്ത് മികച്ച സൗകര്യങ്ങളൊരുക്കുന്നത്. കൂടുതൽ അധ്യാപക തസ്തികകൾ സൃഷ്ടിച്ചതും നവീന ഇന്റഗ്രേറ്റഡ് കോഴ്സുകളടക്കം ആരംഭിച്ചതും ഇതിന്റെ ഭാഗമാണ്. അന്തർവൈജ്ഞാനിക പഠനം പ്രോത്സാഹിപ്പിക്കേണ്ട കാലമാണിതെന്നും അദ്ദേഹം പറഞ്ഞു.

അന്തർവൈജ്ഞാനിക പഠനം പ്രോത്സാഹിപ്പിക്കുന്നതിന് ഇന്റഗ്രേറ്റഡ് കോഴ്സുകൾ ഉപകാരപ്പെടുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ പറഞ്ഞു. സോഷ്യൽ സയൻസ് വിദ്യാർഥികൾ സയൻസ് വിഷയങ്ങളും സയൻസ് വിദ്യാർഥികൾ സോഷ്യൽ സയൻസ് വിഷയങ്ങളും പഠിക്കുന്ന അന്തർവൈജ്ഞാനിക പഠനരീതി അക്കാദമികരംഗത്തെ മികവിന് സഹായകം. എല്ലാ വിഷയങ്ങളിലുമുള്ള അറിവ് നേടാൻ അന്തർവൈജ്ഞാനിക പഠനം സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി. ഷാനവാസ്, ഡോ. കെ.എം. സുധാകരൻ, ഐ.എം.പി.എസ്.എസ്. ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്യാസ്, ഐ.ഐ.ആർ.ബി.എസ്. ഡയറക്ടർ ഡോ. എസ്. അനസ് എന്നിവർ പ്രസംഗിച്ചു.

(പി.ആർ.ഒ/39/104/2021)

# Web-based Colloquim

The Inter University Centre for Social Science Research and Extension (IUCSSRE), Mahatma Gandhi University is organising a Web-based Colloquium on “Macroeconomic Theory in the Context of the Budget 2021-22” on 26th January. It is held in association with the KN Raj Centre for Planning and Centre-State Financial Relations.

The keynote presentation will be delivered by Dr. Jayan Jose Thomas, Faculty, IIT Delhi and Member, Kerala State Planning Board. DR. Johney Johnson, Professor and Hon. Director, KN Raj Centre and Dean, Faculty of Management Sciences will chair the session. The discussants of the colloquium include DR. V. Mathew Kurian, Join Director. KN Raj Centre, Dr. Jose J. Naduthotty Faculty, KN Raj Centre and others. The details will be available at IUCSSRE website.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ